പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.240 | 26.02.2018 ൽ മറുപടിക്ക്

## പുതുതായി സൃഷ്ടിച്ച തസ്തികകൾ

| ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ ആരോഗ്യമേഖലയിലെ വിവിധ വകുപ്പുകളിലായി പുതുതായി എത്ര തസ്തികകളാണ് സൃഷ്ടിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ)<br>&<br><br>(ബി) | ഈ സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം പാറശ്ശാല നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പൂഴനാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടറുടെ ഒരു തസ്തികയും സ്റ്റാഫ് നഴ്സിന്റെ 2 തസ്തികകളും ലാബ് ടെക്നീഷ്യന്റെ ഒരു തസ്തികയും സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ താലൂക്ക് ആശുപത്രി പാറശ്ശാലയിൽ 2 ലാബ് ടെക്നീഷ്യൻ തസ്തികയും തെരഞ്ഞെടുക്കപ്പെട്ട 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 830 തസ്തികകളും ആരോഗ്യ വകുപ്പിന്റെ കീഴിൽ ആകെ 4271 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | പുതുതായി സൃഷ്ടിച്ച തസ്തികകൾ ഏതൊക്കെ വകുപ്പുകളിലാണെന്നും ടി തസ്തികകളിൽ നിലവിൽ നിയമനം നടത്തിയിട്ടുണ്ടോ എന്നും തരംതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ